അനുബന്ധമായി ചേർത്തിരിക്കുന്നു*. 2015-16 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 106,36,29,334 രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 319,08,89,334 രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പൂർത്തിയാകുന്നതോടു കൂടി മാത്രമേ ചെലവ് ശതമാനം എത്രയാണെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായം

348 (1037) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് ആൻറ് അദർ എഡ്യൂക്കേഷണൽ ഫീസുകൾ നൽകാൻ കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ എത്രകൊണ്ട് ;

(ബി) കുടിശ്ശിക എന്ന് തീർത്ത് നൽകാൻ കഴിയും ;

(സി) e-grantz സമ്പ്രദായം നടപ്പിലാക്കിയിട്ടും കുടിശ്ശിക വരുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കുടിശ്ശികയില്ല. 27-11-2015 വരെ ലഭിച്ച എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്.

(സി) ആനുകൂല്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ഫണ്ട് ക്ലെയിം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും യഥാസമയം അയയ്ക്കാതിരുന്നാൽ ഗ്രാന്റ് ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്.

ഗാന്ധി ഗ്രാമം പദ്ധതി

349 (1038) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ കോളനികളിലാണ് ഗാന്ധി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly